(എ) സംസ്ഥാനത്ത് ഫാഷൻ വില്ലേജുകളും ആരംഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും വിദേശ കമ്പനിയുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം സൗജന്യങ്ങളാണ് സംസ്ഥാന സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടുള്ളത് എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ. എസ്. ഐ. ഡി. സി.യും ഇറാലിയിലെ ലിബർട്ടി ഗ്രൂപ്പുമായി കേരളത്തിൽ മെഗാ ഫാഷൻ വില്ലേജ് ആരംഭിക്കുന്നതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

(ബി) ഗാർമെന്റ്സിന്റെ മെഗാ അന്താരാഷ്ട്ര കേന്ദ്രമായിട്ടായിരിക്കും ഫാഷൻ വില്ലേജ് പ്രവർത്തിക്കുക. വസ്ത്ര നിർമ്മാണ യൂണിറ്റുകൾ, ഹോട്ടലുകൾ, ബേത്തിക്കുകൾ, ലേലശാലകൾ, വിനോദശാലകൾ, സമ്മേളന ഹാളുകൾ, പ്രദർശന ശാലകൾ തുടങ്ങിയവ അവിടെയുണ്ടാകും.

(സി) ഇതുവരെ സർക്കാർ സൗജന്യങ്ങളൊന്നും വാഗ്ദാനം ചെയ്തിട്ടില്ല.

സഹകരണ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുവാൻ നടപടി

15 [2152] ശ്രീ. വി. ജെ. പൗലോസ്:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. എൻ. പണിക്കർ:
ജി. കാർത്തികേയൻ:
,, ജോർജ് ജി. മാത്യു:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്പിന്നിംഗ് മില്ലുകൾ പൂട്ടിക്കിടക്കുന്നു; ഏതെല്ലാം;

(ബി) ഇവയിൽ എത്ര സ്പിന്നിംഗ് യൂണിറ്റുകളുണ്ട്;

(സി) പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളിൽ എത്രയെണ്ണം ലാഭത്തിലും എത്രയെണ്ണം നഷ്ടത്തിലും നടക്കുന്നു;

(ഡി) ഈ സ്പിന്നിംഗ് മില്ലുകളെ നവീകരിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്പിന്നിംഗ് മില്ലുകളൊന്നും പൂട്ടിക്കിടക്കുന്നില്ല.

(ബി) അനുബന്ധമായി ചേർക്കുന്നു. †

(സി) എല്ലാ സഹകരണ സ്പിന്നിംഗ് മില്ലുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

† അനുബന്ധം III കാണുക.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എൻ. സി. ഡി. സി.-യുടെ സാമ്പത്തിക സഹായത്തോടെ ഈ സ്പിന്നിംഗ് മില്ലുകൾ നവീകരിക്കുന്നതിനും സ്പിൻഡിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൈത്തറി പരിശീലന കേന്ദ്രങ്ങൾ

16 (2153) പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. കാർത്തികേയൻ:
,, വി. ജെ. പൗലോസ്:
,, കെ. എ. ചന്ദ്രൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം കൈത്തറി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ കേന്ദ്രങ്ങളിൽ എത്ര പേർ പരിശീലനം നേടുന്നു;

(സി) പുതുതായി കൈത്തറി പരിശീലന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് പറയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കണ്ണൂരിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്സ്റ്റൈൽ ടെക്നോളജി എന്ന സ്ഥാപനം കൈത്തറി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

(ബി) വിവിധ കോഴ്സുകളിലായി നൂറോളം പേർ ഇവിടെ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു.

(സി) ഉണ്ട്. സെക്രട്ടറിയേറ്റ് കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി (ഐ.ഐ.എച്ച്.ടി.) യുടെ മാതൃകയിൽ കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് ഒരു ദേശീയ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനായി 2005-06-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വക കൊള്ളിച്ചിട്ടുണ്ട്. ഈ സ്ഥാപനം കണ്ണൂരിൽ തുടങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽസ് മില്ലിന്റെ നവീകരണം

17 [2154] ശ്രീ. കെ. വി. താരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽസ് മില്ലിന്റെ നവീകരണത്തിനായി സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി മില്ലിലെ ട്രേഡ് യൂണിയൻ സംഘടനകൾ സർക്കാരിന് നിവേദനം നല്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം III

[25-7-2005-ലെ 15 (2152)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

		Installed Capacity	Running
1.	മലബാർ കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ലിമിറ്റഡ്	6048	6048
2.	പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	6336	6336
3.	കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	28000	25000
4.	മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	25000	25000
5.	തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	25000	24000
6.	കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	25000	25000
7.	ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ്	6832	6832
		122216	118216

അനുബന്ധം IV

[25-7-2005-ലെ 17(2154)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

	സ്ഥാപനം	വർഷം	തുക. (ലക്ഷം)
1.	സീതാറാം എജൻസി, പട്ടാമ്പി	1980-1985	23.00
2.	യൂണി സെയിൽസ് എജൻസീസ്	1987	2.11
3.	ചക്കോള സ്പിന്നിംഗ് & വീവിംഗ് മിൽ	2001	1.28
4.	സീതാറാം ഡിസ്ട്രിബ്യൂട്ടേഴ്സ്	2001	0.37
5.	എറണാകുളം ജില്ലാ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ	2001	0.30
6.	ജിയോടെക്സ്, തൃശ്ശൂർ	2001	0.08
7.	സുജാത ടെക്സ്റ്റയിൽസ്	2001	0.02
			27.16

LIBRARY ARCHIVES Kerala Legislative Assembly